**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2577** **21-01-2021 - ൽ മറുപടിയ്ക്ക്**

**കേരള ടൂറിസം മാർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri. Kadakampally Surendran (സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കേരള ടൂറിസം മാർട്ട് ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് ബിസിനസ്സ് മീറ്റായി വികസിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; അതിലൂടെ സംസ്ഥാന ടൂറിസം നേടിയ വളർച്ച എന്താണ്; | (എ) | കേരള ട്രാവൽ മാർട്ട് സൊസൈറ്റി സംഘടിപ്പിച്ചു വരുന്ന നൂതനവും അഭിമാനകരവുമായ ടൂറിസം സംരംഭമാണ് കേരള ട്രാവൽ മാർട്ട്. ഇന്ത്യയിലെ ഏറ്റവും വലിയ ബയർ-സെല്ലർ ടൂറിസം മീറ്റ് ആണ് കേരള ട്രാവൽ മാർട്ട്. രണ്ടു വർഷത്തിലൊരിക്കൽ സംഘടിപ്പിക്കുന്ന ഈ മീറ്റിൽ ടൂറിസം വകുപ്പ് ധനസഹായം നൽകി വരുന്നുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ബയേഴ്സിന്റെ മുൻപിൽ കേരളത്തിലെ ടൂറിസം സംരംഭകർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തുന്നതിനുള്ള ഏറ്റവും മികച്ചതും സഫലവുമായ വേദിയായി കേരള ട്രാവൽ മാർട്ട് മാറിയിട്ടുണ്ട്. ടൂറിസം സംരംഭകർക്ക് കുറഞ്ഞ ചെലവിൽ ബിസിനസ്സ് ചർച്ചകൾക്കുള്ള അവസരം ഇതിലൂടെ സംജാതമാകുന്നുണ്ട്. |
| (ബി) | കോവിഡ് പശ്ചാത്തലത്തിൽ മുടങ്ങിയ 2020ലെ ട്രാവൽ മാർട്ട് ഈ വർഷം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി പ്രത്യേക ധനസഹായം ഉറപ്പാക്കുമോ; | (ബി) | കോവിഡ് 19 മഹാമാരി നിമിത്തം കേരള ട്രാവൽ മാർട്ട് 2020 സംഘടിപ്പിക്കുവാൻ സാധിച്ചിട്ടില്ല. ഇതിന് ഒരു പരിഹാരമെന്നോണം ഒരു വിർച്ചൽ കേരള ട്രാവൽ മാർട്ട് സംഘടിപ്പിക്കുവാൻ കേരള ട്രാവൽ മാർട്ട് സൊസൈറ്റി തീരുമാനിച്ചിട്ടുണ്ട്. ഇതിന് ധനസഹായം നൽകാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (സി) | കഴിഞ്ഞ വർഷം അന്താരാഷ്ട്ര ടൂറിസം മേളകളിൽ പങ്കെടുക്കുന്നതിന് കേരള ടൂറിസത്തിന് സാധിച്ചിരുന്നോ; ഇല്ലെങ്കിൽ അത് ടൂറിസം മേഖലയിൽ പ്രതിബന്ധം ഉണ്ടാക്കിയിട്ടുണ്ടോ; | (സി) | കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ കഴിഞ്ഞ വർഷം അന്താരാഷ്ട്ര ടൂറിസം മേളകളിൽ പങ്കെടുക്കുന്നതിന് കേരള ടൂറിസത്തിന് സാധിച്ചിട്ടില്ല. കോവിഡ് പശ്ചാത്തലത്തിൽ വിദേശികളുടെ വരവ് നിലച്ചത് കേരളത്തിലെ ടൂറിസം മേഖലയെ വിപരീതമായി ബാധിച്ചിട്ടുണ്ട്. |
| (ഡി) | ടൂറിസം വികസനത്തിനായി ലോക നഗരങ്ങളിൽ ബിസിനസ്സ് മീറ്റുകൾ സംഘടിപ്പിക്കാറുണ്ടോ; വിശദമാക്കുമോ; | (ഡി) | വിദേശ രാജ്യങ്ങളിലെ ടൂർ ഓപ്പറേറ്റർമാർക്ക് മുൻപിൽ കേരളത്തിലെ ടൂറിസം സംരംഭകർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തുന്നതിനായി |

| | | | |
|---|---|---|---|
| | | | ഇരുപത്തി രണ്ടോളം രാജ്യങ്ങളിൽ എല്ലാ വർഷവും ബിസിനസ്സ് മീറ്റുകൾ കേരള ടൂറിസം വകുപ്പ് സംഘടിപ്പിച്ചു വരുന്നു. |
| (ഇ) | എങ്കിൽ ഇത്തരം മേളകളിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഉറപ്പാക്കാറുണ്ടോ; വിശദമാക്കുമോ? | (ഇ) | സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഉറപ്പു വരുത്തിക്കൊണ്ട് തന്നെയാണ് ടൂറിസം വകുപ്പ് വിദേശ രാജ്യങ്ങളിൽ ബിസിനസ് മീറ്റുകൾ സംഘടിപ്പിച്ചു വരുന്നത്. സ്വകാര്യ മേഖലയിൽ നിന്നും രജിസ്റ്റർ ചെയ്യുന്ന ടൂറിസം സംരംഭകർക്ക് പങ്കാളിത്ത ഫീസിൽ ഇളവുകൾ നൽകിയാണ് ബിസിനസ്സ് മീറ്റുകൾ സംഘടിപ്പിച്ചു വരുന്നത്. ടൂറിസം രംഗത്തെ വിവിധ മേഖലകളിൽ നിന്നുള്ള സംരംഭകരുടെ സാന്നിധ്യം ഇത്തരം ബിസിനസ് മീറ്റുകളിൽ ടൂറിസം വകുപ്പ് ഉറപ്പ് വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ